"ഭരണഭാഷ – മാതൃഭാഷ"

ഇ2– 2/2016

പഞ്ചായത്ത് ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം, തീയതി: 28.01.2017
ഇ–മെയിൽ: directorofpanchayatsestt@gmail.com
ഫോൺ – 0471 2321054

# സർക്കുലർ

വിഷയം : പഞ്ചായത്ത് വകുപ്പ് - ആഫീസ് പ്രവർത്തനം - പദ്ധതി നിർവ്വഹണം - അധിക നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളിൽ വാർഷിക പദ്ധതി അന്തിമമാക്കൽ, പഞ്ചവത്സര പദ്ധതി രൂപീകരണം, നവ കേരള മിഷൻ, വസ്തു നികുതി പിരിവ് തുടങ്ങിയ പ്രവർത്തനങ്ങൾ നടന്നുവരികയാണ്. പ്രസ്തുത പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് ഗ്രാമപഞ്ചായത്തുകളിലെ എല്ലാ ജീവനക്കാരുടേയും ഏകോപിപ്പിച്ചുള്ള സേവനം നിലവിൽ അത്യന്താപേക്ഷിതമാണ്. എന്നാൽ സ്ഥലംമാറ്റ/സ്ഥാനക്കയറ്റ ഉത്തരവുകൾ ലഭിച്ച ചില ജീവനക്കാർ വിടുതൽ ചെയ്യുകയോ അവർക്ക് നിശ്ചയിച്ചിട്ടുള്ള ഓഫീസുകളിൽ സേവനത്തിൽ പ്രവേശിക്കുകയോ ചെയ്തിട്ടില്ല എന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുള്ളത് അതീവ ഗൗരവമായി കാണുന്നു. ആയത് ഗ്രാമപഞ്ചായത്തുകളുടെ മേൽ പ്രസ്താവിച്ച പ്രവർത്തനങ്ങളുടെ സുഗമമായ പ്രവർത്തനത്തിന് തടസ്സം ഉണ്ടാകുന്നുണ്ട്. മേൽ സാഹചര്യത്തിൽ ഗ്രാമപഞ്ചായത്തിലെ സുഗമമായ പ്രവർത്തനത്തിന് ചുവടെ പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. ഗ്രാമപഞ്ചായത്തിലെ ജീവനക്കാർക്ക് 2017 മാർച്ച് 31 വരെ ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾ ഒഴികെയുള്ള കാര്യങ്ങൾക്ക് യാതൊരു തരത്തിലുള്ള അവധിയും അനുവദിക്കേണ്ടതില്ല.
2. സ്ഥാനക്കയറ്റം/സ്ഥലംമാറ്റം ലഭിച്ചിട്ടും വിടുതൽ ചെയ്യാത്ത ജീവനക്കാരെ അടിയന്തിരമായി വിടുതൽ ചെയ്യേണ്ടതും, അവരെ നിയമിച്ചിട്ടുള്ള ആഫീസുകളിൽ സേവനത്തിൽ പ്രവേശിക്കേണ്ടതുമാണ്. ഇനി വിടുതൽ ചെയ്യുന്ന ജീവനക്കാർക്ക് പ്രവേശനകാലം ലഭിക്കുന്നതല്ല
3. മെഡിക്കൽ ഗ്രൗണ്ടിൽ അല്ലാതെ ലീവിലുള്ള ജീവനക്കാരുടെ സംഗതിയിൽ പ്രസ്തുത ലീവ് റദ്ദ് ചെയ്ത വിവരവും ഈ ഓഫീസിൽ അറിയിക്കേണ്ടതാണ്.
4. പ്രസ്തുത വിടുതൽ/ പ്രവേശനം സംബന്ധിച്ച വിവരം ബന്ധപ്പെട്ട പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഈ ആഫീസിൽ ഇ-മെയിൽ മുഖേന അറിയിക്കേണ്ടതാണ്.
5. സെക്രട്ടറിമാരുടെ ദീർഘമായ ലീവ് അനുവദിക്കുന്നതിനുള്ള അപേക്ഷ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർ പഞ്ചായത്ത് ഡയറക്ടർക്ക് സമർപ്പിക്കേണ്ടതാണ്.

മേൽ നിർദ്ദേശങ്ങൾ പാലിക്കാത്ത ഉദ്യോഗസ്ഥർക്കെതിരെ സസ്പെൻഷൻ ഉൾപ്പെടെയുള്ള അച്ചടക്കനടപടികൾ സ്വീകരിക്കുന്നതാണ്.

(ഒപ്പ്)
പി. ബാല കിരൺ ഐ.എ.എസ്.
പഞ്ചായത്ത് ഡയറക്ടർ

ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ് (ആമുഖ കത്ത് സഹിതം)

പകർപ്പ്: എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക്
എല്ലാ പഞ്ചായത്ത് അസ്സിസ്റ്റന്റ് ഡയറക്ടർമാർ
എല്ലാ ജില്ലാ പഞ്ചായത്ത് സെക്രട്ടറിമാർ
എല്ലാ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർ

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്

Jiju /1/1/